# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2863

06.11.2019-ലെ മറുപടി

### തളിപ്പറമ്പ് താലൂക്കിലെ ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) | |
| (എ) | തളിപ്പറമ്പ് താലൂക്കിലെ പട്ടുവം ഉൾപ്പെടെയുള്ള സമീപ പഞ്ചായത്തുകൾക്ക് വേണ്ടി തയ്യാറാക്കിയ ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം ഏതെല്ലാം പഞ്ചായത്തുകളിലാണ് കുടിവെള്ളം വിതരണം നടത്തുന്നതെന്ന് അറിയിക്കുമോ; | (എ) | പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം താഴെ പറയുന്ന പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കുടിവെള്ള വിതരണം നടത്തുന്നുണ്ട്.<br><br>1. തളിപ്പറമ്പ് മുനിസിപ്പാലിറ്റി<br>2. ആന്തൂർ മുനിസിപ്പാലിറ്റി<br>3. പട്ടുവം ഗ്രാമപഞ്ചായത്ത്<br>4. പരിയാരം ഗ്രാമപഞ്ചായത്ത്<br>5. കടന്നപ്പള്ളി -പാണപ്പുഴ ഗ്രാമപഞ്ചായത്ത്<br>6. ഏഴോം ഗ്രാമപഞ്ചായത്ത്<br>7. മാട്ടൂൽ ഗ്രാമപഞ്ചായത്ത്<br>8. കണ്ണപുരം ഗ്രാമപഞ്ചായത്ത്<br>9. ചെറുകുന്ന് ഗ്രാമപഞ്ചായത്ത്<br>10. പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്<br>11. കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത്<br>12. കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്<br>13. മാടായി ഗ്രാമപഞ്ചായത്ത്<br>14. ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് |
| (ബി) | ഈ പ്ലാന്റിന് എത്ര ലിറ്റർ വെള്ളം ശുദ്ധീകരിച്ച് സംഭരിക്കാനുള്ള സ്റ്റോറേജ് കപ്പാസിറ്റി ഉണ്ടെന്നും എത്ര ലിറ്റർ വെള്ളമാണ് വിതരണം ചെയ്യുന്നതെന്നും അറിയിക്കുമോ; | (ബി) | ഈ പദ്ധതിയുടെ പ്ലാന്റിന് പ്രതിദിനം 90 ദശലക്ഷം ലിറ്റർ വെള്ളം ശുദ്ധീകരിച്ച് സംഭരിക്കാനും വിതരണം ചെയ്യുന്നതിനുള്ള കപ്പാസിറ്റിയുണ്ട്. 30 ദശലക്ഷം ലിറ്റർ വെള്ളമാണ് ഇപ്പോൾ വിതരണം ചെയ്യുന്നത്. |

| ചോദ്യം | | മറുപടി | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി കടന്നുപോകുന്ന ഇരിക്കൂർ, ചെങ്ങളായി പഞ്ചായത്തുകളും ശ്രീകണ്ഠപുരം നഗരസഭയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത പദ്ധതിയിൽ ചെങ്ങളായി ഗ്രാമ പഞ്ചായത്തിനെയും ശ്രീകണ്ഠപുരം നഗരസഭയിലെ നിടിയേങ്ങ വില്ലേജിനെയും ഉൾപ്പെടുത്തുന്നതിന്റെ സാങ്കേതികത കേരള വാട്ടർ അതോറിറ്റിയുടെ ചീഫ് എഞ്ചിനീയർ (നോർത്ത് റീജിയൺ) ഓഫീസിൽ പരിശോധിച്ച് വരുന്നു. ഇരിക്കൂർ പഞ്ചായത്ത് ജലനിധി പഞ്ചായത്താണ്. ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നിന്നും ബൾക്ക് സപ്ലൈ മുഖേനയാണ് നിലവിൽ ഇരിക്കൂർ പഞ്ചായത്തിൽ കുടിവെള്ളം വിതരണം ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ